**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1481** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീധന നിരോധന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ്** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീധന പീഡനങ്ങൾ കൂടിവരുന്ന സാഹചര്യത്തിലും സ്ത്രീധന നിരോധന നിയമം1961 പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ കുറവ് സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൂടിവരുന്ന സാഹചര്യമില്ല. കേസുകളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകളാണുള്ളത്. |
| (ബി) | സ്ത്രീധന പീഡനത്തിന്റെ പേരിൽ യുവതികൾ ജീവനൊടുക്കുന്ന സംഭവങ്ങൾ ആവർത്തിക്കുമ്പോഴും കുറ്റവാളികളെ സംരക്ഷിക്കുന്ന നിലപാട് പോലീസ് സ്വീകരിക്കുന്നതായ ആക്ഷേപം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീധന പീഡനത്തിന്റെ പേരിൽ യുവതികൾ ജീവനൊടുക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി കുറ്റപത്രം യഥാസമയം ബഹു. കോടതികളിൽ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | 2019 - 2020, 2020- 2021 വർഷങ്ങളിൽ സ്ത്രീധന നിരോധന നിയമം 1961 പ്രകാരം എടുത്ത കേസുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ പഠന വിഷയമാക്കിയിട്ടുണ്ടോ ; | (സി) | 2019 - 2020, 2020- 2021 വർഷങ്ങളിൽ സ്ത്രീധന നിരോധന നിയമം 1961 (Dowry Prohibition Act, 1961) പ്രകാരം എടുത്ത കേസുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | അടുത്തകാലത്ത് സ്ത്രീധനത്തിന്റെ പേരിൽ ഉണ്ടായ ആത്മഹത്യകളിൽ പ്രസ്തുത നിയമം പ്രകാരം കേസ് എടുക്കുന്നതിൽ പോലീസ് വീഴ്ച വരുത്തുന്നുവെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| 2019 | 11 |
| 2020 | 8 |
| 2021 (up to 20/07/2021) | 10 |

**സെക്ഷൻ ഓഫീസർ**

Scanned by CamScanner